"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - 71-ാമത് നെഹ്റു ട്രോഫി വള്ളംകളി, 2025 - സർക്കാർ ഓഫീസുകൾ മുഖേന പ്രവേശന ടിക്കറ്റ് വിൽപ്പന നടത്തി ഫണ്ട് സ്വരൂപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2807/2025/GAD തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:- ആലപ്പുഴ സബ് കളക്ടറുടെ 16/06/2025 ലെ ഡി1/2025/2025 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പുന്നമടക്കായലിൽ 30/08/2025-ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള 71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ നടത്തിപ്പിന് ഫണ്ട് സ്വരൂപിക്കുന്നതിനായി, ആലപ്പുഴ, എറണാകുളം, കൊല്ലം, കോട്ടയം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ സർക്കാർ ഓഫീസുകൾ മുഖേന പ്രവേശന ടിക്കറ്റുകൾ വിൽക്കാൻ അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ആലപ്പുഴ സബ് കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ നടത്തിപ്പിന് ഫണ്ട് സ്വരൂപിക്കുന്നതിലേക്ക്, കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം യാതൊരുവിധ പ്രേരണയോ നിർബന്ധമോ കൂടാതെ, ആലപ്പുഴ, എറണാകുളം, കൊല്ലം, കോട്ടയം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ സർക്കാർ ഓഫീസുകൾ മുഖേന പ്രവേശന ടിക്കറ്റുകൾ വിൽക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുധ .ബി**

**അഡിഷണൽ സെക്രട്ടറി**

1. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പടെയുള്ള എല്ലാ വകുപ്പുകൾക്കും. (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
2. ജില്ലാ കളക്ടർ - ആലപ്പുഴ, എറണാകുളം, കൊല്ലം, കോട്ടയം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്.

3. സബ് കളക്ടർ, ആലപ്പുഴ.
4. സ്റ്റേഷൻ ഡയറക്ടർ, ദൂരദർശൻ കേന്ദ്രം / ആകാശവാണി, തിരുവനന്തപുരം.
5. ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/102/2025/പൊഭവ)

*ഉത്തരവിൻ പ്രകാരം*

Signed by

Badusha S

Date: 26-06-2025 13:52:17

*സെക്ഷൻ ഓഫീസർ*